പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ 2505

9.12.2014 ൽ
മറുപടിയ്ക്ക്

## ഐ.ടി മേഖലയിലെ സ്വകാര്യ ഹൈടെക് പാർക്കുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വർക്കല കഹാർ ;<br>ശ്രീ. അൻവർ സാദത്ത് ;<br>ശ്രീ. എം.പി.വിൻസെന്റ് ;<br>ശ്രീ. റ്റി.എൻ. പ്രതാപൻ ; | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| എ) ഐ.ടി. മേഖലയിൽ സ്വകാര്യ ഹൈടെക് പാർക്കുകളെ സഹായിക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ; | ബി) കേരളത്തിലെ ഐ.ടി. മേഖലയിൽ 2020 ഓടെ അഞ്ചു ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സർക്കാരിന്റെ 2012 ലെ ഐ.ടി. പോളിസി വിഭാവനം ചെയ്യുന്നു. ഇതിലേയ്ക്കായി 500 ലക്ഷം ചതുരശ്ര അടി കെട്ടിടങ്ങൾ നിർമ്മിക്കേണ്ടതായിട്ടുണ്ട്. എന്നാൽ സർക്കാർ മേഖലയിൽ ഇത്രയും വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ നിർമ്മിക്കുവാനും അതിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ കണക്കിലെടുത്തുമാണ് സ്വകാര്യ മേഖലയിൽ, ഐ.ടി. ഹൈടെക് പാർക്കുകൾ പ്രോത്സാഹിപ്പിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുള്ളത്. ഇതിലൂടെ ഐ.ടി. മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുവാനും, സ്വകാര്യ പങ്കാളിത്തം വർദ്ധിപ്പിക്കുവാനും, കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും സർക്കാർ ലക്ഷ്യമിടുന്നു. |
| സി) എന്തെല്ലാം ധന സഹായങ്ങളാണ് പ്രസ്തുത പദ്ധതിയിലൂടെ നൽകാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | സി) സ്വകാര്യ ഐ.ടി. ഹൈടെക് പാർക്കുകൾക്ക് സർക്കാർ ധനസഹായങ്ങളൊന്നും നൽകുന്നില്ല. എന്നാൽ ഇവയ്ക്ക് താഴെപ്പറയുന്ന ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടായിരിക്കുന്നതാണ്. |

i. ഫ്ലോർ ഏരിയാ റേഷ്യോ 5 വരെ.

ii. കേരള ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലീയറൻസ് ബോർഡ്സ് ആന്റ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡവലപ്മെന്റ് ആക്ട് 1999 പ്രകാരം ലൈസൻസുകളും ക്ലീയറൻസുകളും വേഗത്തിൽ ലഭിക്കുന്നതിന് വേണ്ടി സിംഗിൾ വിൻഡോ ക്ലീയറൻസ് ബോർഡ് രൂപീകരിക്കുന്നതാണ്.

iii. സ്വകാര്യ ഹൈടെക് പാർക്കുകളിലെ പ്രോസസിംഗ് ഏരിയ പ്രവർത്തിക്കുന്ന യൂണിറ്റുകളിലേയ്ക്കുള്ള വൈദ്യുതി ഹൈടെൻഷൻ I (HTI) അല്ലെങ്കിൽ ലോടെൻഷൻ-IV (LT - IV) പ്രകാരമുള്ള വൈദ്യുതി നിരക്കിന് അർഹതയുണ്ടാകും.

iv. ഹൈടെക് പാർക്കുകളിലെ കെട്ടിടങ്ങളും സ്ഥലവും വ്യവസായ യൂണിറ്റുകൾക്ക് പാട്ടത്തിന് കൊടുക്കുമ്പോൾ സ്റ്റാമ്പ് ഡ്യൂട്ടിയിൽ ഇളവ് അനുവദിക്കുന്നതാണ്.

പ്രസ്തുത ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് താഴെപ്പറയുന്ന നിബന്ധനകൾ പാലിക്കേണ്ടതാണ്.

1. കുറഞ്ഞത് 20 ഏക്കർ സ്ഥലമെങ്കിലും ഉണ്ടായിരിക്കണം.

2. 2008 ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്റ്റിൽ നിർവ്വചിച്ച പ്രകാരമുള്ള തണ്ണീർത്തട പ്രദേശമായിരിക്കുവാൻ പാടില്ല.

3. പാർക്കിന്റെ വികസന പദ്ധതിയിൽ, പ്രോസസിംഗ് ഏരിയ, ഹൗസിംഗ് ഏരിയ, കൊമേഴ്സ്യൽ സ്പേസ്, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തേണ്ടതാണ്.

4. പാർക്കിന് സർട്ടിഫിക്കേഷൻ ലഭിച്ച് 7 വർഷത്തിനുള്ളിൽ കുറഞ്ഞത് 10 ലക്ഷം ചതുരശ്ര അടി സ്ഥലം കെട്ടിടം നിർമ്മിക്കേണ്ടതാണ്.

5. മലിനജല സംസ്കരണത്തിനായി സർക്കാർ നിഷ്കർഷിച്ച പ്രകാരമുള്ള സംസ്കരണ യൂണിറ്റ് സ്ഥാപിക്കുകയും സംസ്കരണം നടത്തി ഉപയോഗിക്കേണ്ടതുമാണ്.

6. പാർക്കിലെ ഖരമാലിന്യങ്ങൾ പുറന്തള്ളാനുള്ള പദ്ധതികൾ അപേക്ഷയിൽ ഉണ്ടായിരിക്കേണ്ടതാണ്.

7. കെട്ടിടങ്ങളുടെ ഉയരം, കേരള മുനിസിപ്പിലാറ്റി കെട്ടിട ചട്ടങ്ങൾ/ കേരള പഞ്ചായത്ത് കെട്ടിട ചട്ടങ്ങൾ (KMBR/KPBR) എന്നിവ പ്രകാരവും, കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ നിബന്ധനകൾക്ക് വിധേയവുമായി നിയന്ത്രിക്കേണ്ടതാണ്.

8. കേരള മുനിസിപ്പാലിറ്റി കെട്ടിട ചട്ടങ്ങൾ/കേരള പഞ്ചായത്ത് കെട്ടിട ചട്ടങ്ങൾ (KMBR/KPBR) എന്നിവയിലെ ചട്ടങ്ങൾ അനുസരിച്ചും, കേന്ദ്ര വനം പരിസ്ഥിതി മന്ത്രായലത്തിന്റെ നിബന്ധനകൾക്കനുസരിച്ചുള്ള പാർക്കിംഗ് സൗകര്യങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

9. പാർക്കിന്റെ ആവശ്യത്തിനായുള്ള വെള്ളത്തിന്റെയും വൈദ്യുതിയുടെയും ലഭ്യത അപേക്ഷയിൽ വ്യക്തമാക്കേണ്ടതാണ്.

(ഡി) ധനസഹായം നൽകുന്നതിന് എന്തെല്ലാം നിബന്ധനകളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ?

ഡി) ബാധകമല്ല.

സെക്ഷൻ ഓഫീസർ